(എഫ്) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ച് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

**തണത്തറ പാലം പണി**

**180 (5885)** ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ച പെരുമ്പിലാവ്-നിലമ്പൂർ റോഡിലെ തണത്തറ പാലം പണിയുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഇവിടെ നിലവിലുള്ള ഇടുങ്ങിയ പാലം തകർന്നു തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ പാലം പണിയുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) തണത്തറ പാലത്തിനു വേണ്ടിയുള്ള മണ്ണു പരിശോധന നടത്തിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ത്വരിതപ്പെടുത്തുന്നതാണ്.

**മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി**

**181 (5886)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മമ്പറം പാലത്തിനായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എന്തൊക്കെ അറ്റകുറ്റപ്പണികളാണ് നടത്തിയത് ; അതിനായി എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; നടപടിയുടെ പുരോഗതി എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. * അതിനായി 21,92,180 രൂപ ചെലവായി.

(സി) മമ്പറത്ത് ശോച്യാവസ്ഥയിൽ ആയ പഴയ പാലത്തിനുപകരം നബാർഡ് ധനസഹായത്തോടെ പുതിയ പാലം പണിയുന്നതിന് 8-7-2010-ലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly